പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4431

25.10.2016 ൽ മറുപടിക്ക്

## ധാതുമണൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. വി. എസ്. ശിവകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ധാതുമണൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാൻ വ്യവസായ കോംപ്ലക്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br>(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കുമോ;<br>(സി) സംസ്ഥാനത്ത് എവിടെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി) | സംസ്ഥാനത്ത് ധാതു മണലിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റിയെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നമായ ടൈറ്റാനിയം മെറ്റൽ ഉൽപ്പാദിപ്പിക്കുന്നതിന് ചവറ KMML കമ്പനിയുടെ സമീപം ചിറ്റൂരിൽ വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി 150 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ ആരംഭിച്ചു. 28.09.2016 ന് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം ചേരുകയും തുടർന്ന് 01.10.2016 ന് കൊല്ലം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർവ്വ കക്ഷി യോഗം ചേരുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ